LIBRARY ARCHIVES Kerala Legislative Assembly

താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്

204 (7503) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 4-6-2012-ലെ 149/2012, തസ്വഭവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട് ;

(ബി) ഇത്തരം കെട്ടിടങ്ങളുടെ ഫോട്ടോ ഉൾപ്പെടെയുള്ള വിവരങ്ങൾ വകുപ്പിൽ ലഭ്യമാണോ ;

(സി) ഇവയിൽ എത്ര കെട്ടിടങ്ങൾക്ക് നിയമപരമായ നടപടികൾക്കു ശേഷം റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് ;

(ഡി) നിയമാനുസൃത നടപടിക്കുശേഷവും സർട്ടിഫിക്കറ്റ് നൽകാനാവാത്ത എത്ര കെട്ടിടങ്ങളുണ്ടെന്നും അവയുടെ കാര്യത്തിൽ അടുത്ത നടപടിക്രമം എന്താണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 11,594 താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

(ബി) ഇത്തരം സർട്ടിഫിക്കറ്റ് നൽകുന്ന വീടുകളുടെ പൂർണ്ണ വിവരങ്ങൾ ഫോട്ടോ സഹിതം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കണം എന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(സി) 1,818 കെട്ടിടങ്ങൾക്ക് നിയമപരമയ നടപടികൾക്കുശേഷം റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

നിയമാനുസൃത നടപടിക്കുശേഷവും സർട്ടിഫിക്കറ്റ് നൽകാനാവാത്ത 5731 കെട്ടിടങ്ങളുണ്ട്. അനധികൃതനിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235W, 235AA എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ

205 (7504) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഞ്ചായത്തുകളിൽ ഇപ്പോൾ എത്ര അസിസ്റ്റന്റ് സെക്രട്ടറിമാരുടെ തസ്തികകളാണ് നിലവിലുള്ളത് ?

ഉത്തരം

പഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളാണ് നിലവിലുള്ളത്.